## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2389** **18.02.2016 - ലെ മറുപടിക്ക്**

## തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗം എം.ഡി/ഡി.എം. മുതലായ കോഴ്സുകൾക്ക് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കാത്തതിനുള്ള കാരണങ്ങൾ ഏതെല്ലാമാണ്; ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; | (എ) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ കാൻസർ വിഭാഗത്തിൽ നിലവിൽ 3 എം.ഡി സീറ്റും 2 ഡി.എം. ആർറ്റി സീറ്റും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2 എം.ഡി സീറ്റിനു മാത്രമേ ഇപ്പോൾ ഇന്ത്യൻ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുള്ളൂ. എം.സി.ഐ. നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ലീനിയർ ആക്സലറേറ്റർ, ബ്രേക്കി തെറാപ്പി, സിമുലേറ്റർ തുടങ്ങിയ ഭൗതിക സൗകര്യങ്ങളുടെ അഭാവമാണ് അംഗീകാരം നഷ്ടപ്പെടാനിടയാക്കിയത്. ബ്രേക്കി തെറാപ്പി മെഷീൻ സ്ഥാപിക്കാൻ 1.75 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പർച്ചേസ് ഓർഡറുമായി ബന്ധപ്പെട്ട നടപടികൾ നടന്നു വരുന്നു. ലീനിയർ ആക്സലറേറ്റർ വാങ്ങാൻ ഭരണാനുമതി നൽകി കഴിഞ്ഞു. |
| (ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ലിനീർ ആക്സലറേറ്റർ സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇത് സ്ഥാപിക്കാൻ നേരിടുന്ന കാലതാമസത്തിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; | (ബി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ ലീനിയർ ആക്സിലേറ്റർ വാങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |

(സി) ലിനീർ ആക്സലറേറ്റർ സ്ഥാപിക്കുന്നതിന് വേണ്ടി വരുന്ന ചെലവ് എത്രയാണെന്ന് പറയാമോ; പ്രസ്തുത തുക ചെലവാക്കാൻ അനുവാദം നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്നത്തേക്ക് തുക അനുവദിക്കുമെന്ന് പറയാമോ?

(സി) തിരുവനന്തപുരം, തൃശ്ശൂർ മെഡിക്കൽ കോളേജുകളിലേക്കായി ലീനിയർ ആക്സലറേറ്റർ സ്ഥാപിക്കുന്നതിനു വേണ്ടി 35 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ ടി ആവശ്യത്തിനായി 27 കോടി 45 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ